# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:219 — 19.12.2012 - ൽ മറുപടിക്ക്

## കേരള വാട്ടർ അതോറിറ്റിയുടെ ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ത്തനിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. കെ. രാജു | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ത്തനിംഗിന്റെ ഭാഗമായി ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിയ പ്രോസസ് റീ എഞ്ചിനീയറിംഗ്, ഫിനാൻഷ്യൽ റീ എഞ്ചിനീയറിംഗ് സംബന്ധിച്ച് റിപ്പോർട്ട് നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാനശുപാർശകൾ എന്തെല്ലാം; | (എ) പ്രസ്തുത ശുപാർശകൾ നടപ്പിലാക്കി തുടങ്ങിയിട്ടില്ല. പ്രോസസ് റീ എഞ്ചിനീയറിംഗ് പ്രകാരം അതോറിറ്റിയുടെ ഇപ്പോഴത്തെ ഘടനയും നിലവിലുള്ള പ്രക്രിയകളും പഠന വിധേയമാക്കിയ ശേഷം ചില പുനഃക്രമീകരണ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. അവ അതോറിറ്റിയുടെ ആഭ്യന്തര ടീമിന്റെ കൂടി സഹായത്തോടെ നടപ്പാക്കുക എന്നതാണ് ഇപ്പോഴത്തെ ദൗത്യം.<br>ഫിനാൻഷ്യൽ റീഎഞ്ചിനീയറിംഗിൽ വരുമാനവർദ്ധനവ്, സാമ്പത്തിക അച്ചടക്കം എന്നിവയിലൂടെ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സുസ്ഥിരത ആർജ്ജിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നു. ഇവയും അതോറിറ്റിയുടെ ആഭ്യന്തര ടീമിന്റെ കൂടി സഹായത്തോടെ നടപ്പാക്കുക എന്ന ദൗത്യത്തിലാണ് ഇപ്പോഴത്തെ സ്ഥിതി. |
| (ബി) ഇതിനകം നടപ്പാക്കിയ നടപടികൾ എന്തെല്ലാം; ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടെങ്കിൽ വെളിപ്പെടുത്തുമോ? | (ബി) ഈ റിപ്പോർട്ടുകൾ അതോറിറ്റി പരിശോധിച്ചു വരുന്നതേയുള്ളൂ. അതിനാൽ ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട ശുപാർശകളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ